## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 206 23/01/2014- ൽ മറുപടിക്ക്

## രോഗികൾക്ക് ജീവൻ സുരക്ഷാ സംവിധാനം ഉപയോഗിക്കുന്ന തിന് സൗജന്യ വൈദ്യുതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. റ്റി. ജോർജ്<br>,, സി. പി. മുഹമ്മദ്<br>,, ഹൈബി ഈഡൻ<br>,, കെ. ശിവദാസൻ നായർ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്തെ ശയ്യാവലംബിക ളായ രോഗികൾക്ക് വീടുകളിൽ ജീവൻ സുരക്ഷാ സംവിധാനം ഉപയോഗിക്കുന്നതിനുള്ള വൈദ്യുതി സൗജന്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;<br><br>(ബി) ഇത് സംബന്ധി ച്ച വിശദാംശ ങ്ങൾ എന്തൊക്കെയാണ്; | (എ) യും (ബി)യും ഈ സർക്കാരിന്റെ ഒന്നാം വാർഷി കാഘോഷത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച പദ്ധതി പ്രകാരം ലൈഫ് സപ്പോർട്ട് സിസ്റ്റത്തിന്റെ സഹാ യത്തോടെ ജീവൻ നിലനിർത്തുന്ന രോഗികൾക്ക് സൗജന്യമായി വൈദ്യുതി നൽകുവാൻ തീരുമാനിക്ക കയുണ്ടായി. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി വൈദ്യുതി ബോർഡ് 18.10.2012-ലെ ഉത്തരവ് പ്രകാരം ജീവൻ സുരക്ഷാ സംവിധാനം (ഓക്സിജൻ കോൺസൻട്രേറ്റർ) ഉപയോഗിക്കുന്ന രോഗികൾക്ക് 01.09.2012 മുതൽ ചില നിബന്ധനകൾക്ക വിധേയമായി പരമാവധി 100 യൂണിറ്റ് വരെ വൈദ്യുതി സൗജന്യമായി നൽകുവാൻ തീരുമാനിച്ചു. ഈ സൗജന്യം ലഭിക്കുന്നതിലേക്കായി ഉപഭോ ക്താക്കൾ അതാത് സെക്ഷൻ ഓഫീസിൽ അപേ ക്ഷയോടൊപ്പം രോഗിയുടെ ജീവൻ നിലനിർത്തു ന്നതിന് ലൈഫ് സപ്പോർട്ടിങ്ങ് സിസ്റ്റം അത്യാവ ശ്യമാണെന്ന് രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർ സാക്ഷ്യപ്പെടുത്തിയ രേഖാമൂലമുള്ള സർട്ടിഫിക്കറ്റും നിശ്ചിത മാതൃകയിലുള്ള സമ്മതപത്രവും (100/- രൂപ മുദ്ര പത്രത്തിൽ) സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷ യിൻമേൽ അതാത് സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനിയർ പരിശോധിച്ച് അതിന്റെ മാസഉപയോഗം കണക്കാക്കേണ്ടതാണ്. ഇപ്രകാര |

(....2

മുള്ള ഉപഭോക്താവിന് അവരുടെ ഗാർഹിക വൈദ്യുതി ഉപയോഗത്തിൽ നിന്ന് പരമാവധി 100 യൂണിറ്റ് വരെ ഇളവ് നൽകുന്നതാണ്.

(സി) പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതി ഉപയോഗിക്കുന്ന തിനാണ് സൗജന്യം അനുവദിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(സി) പ്രതിമാസം പരമാവധി 100 യൂണിറ്റ് വരെയുള്ള വൈദ്യുതിയ്ക്കാണ് സൗജന്യം നൽകുന്നത്. എന്നാൽ ഈ പരിധി 200 യൂണിറ്റ് വരെ വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് നൽകിയ ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി) നിശ്ചിത യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽ നിന്നും വൈദ്യുതി ചാർജ് എങ്ങനെയാണ് ഈടാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

(ഡി) മേൽ പറഞ്ഞ ഉപഭോക്താവിനെ ഗാർഹിക ഉപയോഗത്തിന് ബില്ല് ചെയ്യുമ്പോൾ മൊത്തം ഉപയോഗത്തിൽ നിന്നും ലൈഫ് സപ്പോർട്ടിംഗ് സിസ്റ്റത്തിന്റെ നിശ്ചിത യൂണിറ്റ് കുറവ് ചെയ്ത് ബാക്കി വരുന്ന യൂണിറ്റിനാണ് ഗാർഗിക താരിഫിൽ വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. ടി ബില്ല് ചെയ്യുന്നത് താഴെ പറയുംപ്രകാരമാണ്.

| | |
|---|---|
| ഉപഭോക്താവിന്റെ മൊത്ത വൈദ്യുതി ഉപഭോഗം | 'X' യൂണിറ്റ്. |
| ഉപഭോക്താവിന് ലൈഫ് സപ്പോർട്ടിങ്ങ് സിസ്റ്റം ഉപയോഗത്തിന് നിജപ്പെടുത്തിയ ഉപഭോഗം | 'Y' യൂണിറ്റ് |
| വൈദ്യുതി ചാർജ്ജ് 'X' യൂണിറ്റിന് | 'A' (₹)+ഡ്യൂട്ടി |
| വൈദ്യുത ചാർജ്ജ് (X-Y) യൂണിറ്റിന് | B(₹)+ഡ്യൂട്ടി |
| ഉപഭോക്താവിൽ നിന്നും ഈടാക്കുന്ന വൈദ്യുതി ചാർജ്ജ് | B (₹) +മീറ്റർ വാടക+മറ്റ് നിയമാനുസൃതമായ ചാർജ്ജുകൾ |
| ഉപഭോക്താവിന് വൈദ്യുതി ചാർജ്ജിൽ നൽകിയ ഇളവ് | A (₹) -B (₹) |

സെക്ഷൻ ഓഫീസർ